**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 155** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>നിപ്പ രോഗം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഉമ തോമസ്
ശ്രീ. സെബാസ്റ്റ്യൻ. എം. ജെ
ശ്രീ. എ. ഡി. തോമസ്
ശ്രീ. പഴകുളം മധു

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നിപ്പ രോഗം വീണ്ടും സ്ഥിരീകരിച്ചത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിപ്പ രോഗം വീണ്ടും സ്ഥിരീകരിച്ച സാഹചര്യത്തിൽ ഉറവിടം കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നിപ പ്രഭവ കേന്ദ്രത്തിന് സമീപത്തുള്ള വളർത്തു മൃഗങ്ങളായ നായ, പൂച്ച എന്നിവയുടെ രക്തം, മൂക്കിലെ സ്രവം, സമീപമുള്ള വവ്വാലുകളുടെ താവളങ്ങളിൽ (Roosting Site) നിന്ന് ശേഖരിച്ച കാഷ്ഠം എന്നിവയുടെ സാമ്പിളുകൾ ഭോപാലിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈ സെക്യൂരിറ്റി ആനിമൽ ഡിസീസസ് (NHSAD) ലാബിലേക്ക് പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ നിയോഗിച്ച NJORT(National Joint Outbreak Response Team) സംഘവും, കോഴിക്കോട് കേന്ദ്രീകരിച്ച് നിപ്പ പ്രതിരോധ പ്രവർത്തനത്തിനായി രൂപീകരിച്ചിട്ടുള്ള One Health Centre For Nipah Research & Resilence എന്ന സ്ഥാപനവും വിവിധ ഫീൽഡ് തല പരിശോധനകൾ നടത്തിവരുന്നു.

**(ബി)** നിപ്പ രോഗം സംസ്ഥാനത്ത് വീണ്ടും സ്ഥിരീകരിക്കുന്ന സാഹചര്യത്തിൽ രോഗ ഉറവിടം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** രോഗം പടർന്നു പിടിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് എടുത്തിട്ടുള്ളത് ; വിശദമാക്കാമോ?

**<u>മറുപടി:</u>** നിപ്പ രോഗം പടർന്നു പിടിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ **അനുബന്ധം** ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

**നിപ്പ രോഗം പടർന്നു പിടിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ**

- രോഗം റിപ്പോർട്ട് ചെയ്യുന്ന ഉടൻ തന്നെ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ വിവിധ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. ഇതിന് വേണ്ടി വ്യക്തമായ മാർഗ്ഗരേഖകളും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.
- സമ്പർക്ക പട്ടിക തയ്യാറാക്കി, പട്ടികയിലുള്ളവരെ നിരീക്ഷിച്ചും രോഗലക്ഷണമുള്ളവരെ പരിശോധനകൾക്ക് വിധേയമാക്കിയും പ്രവർത്തനങ്ങൾ നടത്തിവരുന്നു .
- എല്ലാ ദിവസവും വിവിധ പ്രവർത്തനങ്ങളുടെ ഉന്നതതല അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു.
- ജില്ലയിൽ കൺട്രോൾ സെല്ല് ആരംഭിക്കുകയും എല്ലാ ദിവസവും സ്ഥിതിവിവര കണക്കുകൾ അവലോകനം ചെയ്യുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.
- നിപ്പ രോഗ outbreak മായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ ഉണ്ടാകുന്ന ഭയവും മറ്റു മാനസിക ബുദ്ധിമുട്ടുകളും ഒഴിവാക്കുന്നതിനായി ജില്ലകളിലെ കൺട്രോൾ സെല്ലുകളുടെ നേതൃത്വത്തിലും സംസ്ഥാന തലത്തിലെ കൺട്രോൾ സെല്ലിന്റെ നേതൃത്വത്തിലും സൈക്കോ സോഷ്യൽ സപ്പോർട്ടും 24*7 കാൾ സെന്ററും ക്രമീകരിച്ചിട്ടുണ്ട്.
- രോഗിയുടെ ചികിത്സ സംബന്ധിച്ച് സംസ്ഥാന സർക്കാർ മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുകയും, സംസ്ഥാന മെഡിക്കൽ ബോർഡ് രോഗിയുടെ ചികിത്സ കൃത്യമായി നിരീക്ഷിക്കുകയും ചെയ്തുവരുന്നു. കൂടാതെ മോണോക്ലോണൽ ആന്റി ബോഡി ഉൾപ്പെടെയുള്ള മരുന്നുകളുടെ ലഭ്യതയും ഉറപ്പുവരുത്തുന്നു.
- ഗവൺമെന്റ് മേഖല കൂടാതെ പ്രൈവറ്റ് മേഖലയിലും രോഗ ലക്ഷണങ്ങളുമായി വരുന്നവരെ കൃത്യമായി ലാബ് ടെസ്റ്റിംഗിന് വിധേയമാക്കുന്നതിനും ചികിത്സ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- സംസ്ഥാനത്തെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകർക്കായി നിപ്പ രോഗം സംബന്ധിച്ച് വിവിധ പരിശീലന ക്യാമ്പുകളും സംഘടിപ്പിക്കുന്നു.
- കൃത്യമായ ചികിത്സ ഉറപ്പാക്കുന്നതിനായി കേരള ഗവൺമെന്റ് നിപ്പ രോഗം സംബന്ധിച്ച ചികിത്സകളുടെയും പരിശോധനകളുടെയും മാർഗ്ഗനിർദേശങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
- രോഗ പരിശോധനക്കായി VRDL ലാബ് കോഴിക്കോട്, VRDL മഞ്ചേരി, എൻഐവി ആലപ്പുഴ, IAV തോന്നയ്ക്കൽ എന്നിവിടങ്ങളിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. പ്രസ്തുത ലാബുകളിൽ സ്ഥിരീകരിക്കപ്പെട്ട സാമ്പിളുകൾ

എൻ.ഐ.വി പൂനെയിലേക്ക് അയക്കുകയും സ്ഥിരീകരണം ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു.

- 2026-ൽ ഒരു രോഗിക്കാണ് കേരളത്തിൽ നിപ്പ സ്ഥിരീകരിക്കപ്പെട്ടത്. ഈ രോഗം കൂടുതൽ പേരിലേക്ക് പടരാതിരിക്കാനായി ജില്ലാതലത്തിൽ കൺട്രോൾ റൂം ആരംഭിക്കുകയും കോൺടാക്ട് TRACING വിശദമായ രീതിയിൽ നടത്തുകയും കോണ്ടാക്ടുകളെ ഹൈയെസ്റ്റ് റിസ്ക്, ഹൈ റിസ്ക്, ലോ റിസ്ക് എന്നിങ്ങനെ തരംതിരിക്കുകയും കൃത്യമായ രീതിയിൽ ക്വാറന്റീനിൽ നിലനിർത്തുകയും ചെയ്തുവരുന്നു. ഇത് കൂടാതെ കോൺടാക്ട് ട്രേസിങ്ങിലൂടെ ലക്ഷണങ്ങൾ ഉള്ളവരുടെ സാമ്പിളുകൾ എടുക്കുകയും പരിശോധനാ വിധേയമാക്കുകയും ചെയ്തിട്ടുണ്ട്.
- ആശുപത്രി ജീവനക്കാരുടെ ഇടയിൽ രോഗം വരുന്നത് തടയാനുള്ള ഇൻഫെക്ഷൻ പ്രിവൻഷൻ കൺട്രോൾ (IPC) പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.
- രോഗം തടയുന്നതിനു വേണ്ടിയുള്ള IEC പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നു.

സെക്ഷൻ ഓഫീസർ